**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 337** | **08-08-2023 - ൽ മറുപടിയ്ക്ക്**

**തെരുവു നായ്ക്കളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവു നായകളുടെ ആക്രമണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തെരുവുനായ്ക്കളുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പദ്ധതി. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കി 23.08.2022 ൽ സ.ഉ (സാധാ) 2065/2022/തസ്വഭവ നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും 15.09.2022 ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ, 29.09.2022 ലെ സ.ഉ (സാധാ) 2376/2022/തസ്വഭവ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും തെരുവുനായ്ക്കളുടെ തീവ്ര വാക്സിനേഷൻ യജ്ഞം നടത്തുകയും ശുചിത്വ യജ്ഞം, ഐ.ഇ.സി ക്യാംപയിൻ സംഘടിപ്പിക്കുകയും കൂടാതെ സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രത്യേക ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ എ.ബി.സി കേന്ദ്രങ്ങൾ സജ്ജീകരിച്ച് പ്രാവർത്തികമാക്കുന്നതിനും വാക്സിനേഷൻ യജ്ഞം നടപ്പിലാക്കുന്നതിനുമായി പദ്ധതി രൂപീകരണം/ പുതുക്കലിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഉത്തരവാകുകയും ഓരോ |

| | | | |
|---|---|---|---|
| | | | കമ്മിറ്റികളുടെയും ഉത്തരവാദിത്തങ്ങൾ വിശദമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തെരുവു നായകളിൽ പേ വിഷബാധ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്തെല്ലാം നടപടികളാണ് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | പേവിഷപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തെരുവുനായ്ക്കളിൽ 2022 സെപ്റ്റംബർ മുതൽ പേവിഷ പ്രതിരോധ കുത്തിവെയ്പ് നൽകി വരുന്നു. മൃഗസംരക്ഷണ വകുപ്പ് കണ്ടെത്തിയ 170 ഹോട്ട് സ്പോട്ടുകൾ കൂടി കേന്ദ്രീകരിച്ചാണ് വാക്സിനേഷൻ നടത്തുന്നത്. 2022 സെപ്റ്റംബർ മുതൽ 2023 ഓഗസ്റ്റ് 1 വരെയായി 88,261 തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ് നൽകിയിട്ടുണ്ട്. തെരുവുനായ്ക്കളിൽ പേവിഷ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുമായി ചേർന്നുകൊണ്ട് സ്കൂളുകൾ ഉൾപ്പെടെ വ്യാപകമായ ബോധവത്കരണ ക്യാംപെയിൻ (IEC) സംഘടിപ്പിച്ചു വരുന്നു.<br><br>നായ്ക്കളുടെ പേവിഷപ്രതിരോധ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ/ഡോഗ് ക്യാച്ചർ/ മൃഗപരിപാലകർ എന്നിവർക്ക് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് പേവിഷ പ്രതിരോധ കുത്തിവെയ്പ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പാലിക്കേണ്ടുന്ന നിബന്ധനകൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഒരു ഗൈഡ് ലൈൻ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രതിരോധ കുത്തിവെയ്പ് പൂർണ്ണമായും സ്വീകരിച്ച വ്യക്തികളെ മാത്രമേ വകുപ്പ് തെരുവുനായ്ക്കളുടെ കുത്തിവെയ്പിനായി നിയോഗിക്കുന്നുള്ളൂ.<br><br>തിരുവനന്തപുരം കോർപ്പറേഷനുമായി സഹകരിച്ച് CAWA (Compassion for Animal Welfare Association) എന്ന സംഘടന തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലും ആവശ്യപ്പെടുന്ന പഞ്ചായത്തുകളിലും തെരുവുനായ്ക്കൾക്ക് സൗജന്യമായി വാക്സിനേഷൻ നൽകി വരുന്നു.<br><br>ഗോവ സംസ്ഥാനം റാബിസ് വിമുക്തമാക്കിയ Mission Rabies (World wide Veterinary Services) എന്ന സംഘടനയുമായി മൃഗസംരക്ഷണ വകുപ്പ് സഹകരിച്ച് പ്രവർത്തിക്കുന്നതിന് ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്.<br><br>എല്ലാ സെപ്റ്റംബർ മാസവും വളർത്തുനായ്ക്കളിലും തെരുവുനായ്ക്കളിലും പേവിഷ പ്രതിരോധത്തിനുള്ള മാസ് ഡോഗ് വാക്സിനേഷൻ നടത്തി വരുന്നു. 2022 സെപ്റ്റംബർ മാസം മുതലാണ് സംസ്ഥാനത്ത് ആദ്യമായി മാസ് ഡോഗ് വാക്സിനേഷൻ ആരംഭിച്ചത്. |

| | | | |
|---|---|---|---|
| (സി) | അനിമൽ ബർത്ത് കൺട്രോൾ റൂൾസ് പ്രകാരം നായകൾക്ക് വന്ധ്യംകരണം, വാക്സിനേഷൻ, ഷെൽട്ടറിംഗ് എന്നിവ നടപ്പാക്കുന്നത് ഫലപ്രദമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതു കൂടാതെ തെരുവു നായ ശല്യം തടയുന്നതിന് മറ്റെന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ആനിമൽ ബർത്ത് കൺട്രോൾ റൂൾ പ്രകാരം നായകൾക്ക് വന്ധ്യംകരണം, വാക്സിനേഷൻ, ഷെൽട്ടറിംഗ് എന്നിവ നടപ്പിലാക്കുന്നുണ്ട്. ഇതു കൂടാതെ മാലിന്യ നിർമ്മാർജ്ജനം, വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകൽ, ബോധവത്കരണ ക്യാംപെയിനുകൾ എന്നീ മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | തെരുവുനായ ശല്യം തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | എ.ബി.സി കേന്ദ്രങ്ങൾ സ്ഥാപിക്കുക, വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ, തെരുവുനായകളുടെ വാക്സിനേഷൻ, ആനിമൽ ഷെൽട്ടർ സ്ഥാപിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| (ഇ) | തെരുവു നായകൾക്ക് വന്ധ്യംകരണം, വാക്സിനേഷൻ, ഷെൽട്ടറിംഗ് എന്നിവ നടപ്പാക്കുന്നതിന് മതിയായ സൗകര്യമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സൗകര്യങ്ങൾ ഒരുക്കിനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | ഉണ്ട്.<br><br>തെരുവു നായ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ചാണ് നടന്നു വരുന്നത്. ജില്ലാ തലത്തിൽ തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും വിവിധ വകുപ്പിലെ ജില്ലാ തല ഉദ്യോഗസ്ഥർ അംഗങ്ങളായും ജില്ലാതല ഓർഗനൈസിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ഇടപെടലിലൂടെ ജില്ലകളിൽ ഈ പ്രവർത്തനത്തിന് ഉണ്ടാകുന്ന തടസ്സങ്ങൾ മറികടക്കാൻ കഴിയുന്നതാണ്. നിലവിൽ ഇപ്രകാരം ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുകൾ ഉപയോഗിച്ച് ലഭ്യമായ സ്ഥലങ്ങളിൽ എബിസി കേന്ദ്രങ്ങൾ നിർമ്മിച്ച് പ്രവർത്തനം നടത്തി വരുന്നു. 2021 ൽ കോടതി ഉത്തരവ് പ്രകാരം കുടുംബശ്രീയെ ഈ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വകുപ്പുകളും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവുനായകളുടെ വന്ധീകരണത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്.<br><br>തെരുവു നായകൾക്ക് വന്ധ്യംകരണം, വാക്സിനേഷൻ, ഷെൽട്ടറിംഗ് എന്നിവ നടപ്പാക്കുന്നതിന് എല്ലാ അടിയന്തിര സൗകര്യങ്ങളും ഒരുക്കി നൽകാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ